# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4139**      **25.06.2018 ലെ മറുപടി**

## നദീജല സംരക്ഷണത്തിനായി വിവരശേഖരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.ഉമ്മർ**<br>**,, വി.കെ.ഇബ്രാഹിം കുഞ്ഞ്** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | ജലാശയങ്ങൾ മാലിന്യ നിക്ഷേപത്താൽ അന്യാധീനപ്പെട്ടുപോകുന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരളത്തിലെ നദികൾ, കുളങ്ങൾ, തടാകങ്ങൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ വിവിധ തരത്തിലുള്ള മാലിന്യം കലർന്നതാണെന്ന പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ പ്രധാനം, കോഴിക്കോട് ആസ്ഥാനമായിട്ടുള്ള കേന്ദ്ര ജലവിഭവ വിനിയോഗ പഠന കേന്ദ്രം, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ പഠന റിപ്പോർട്ടുകളാണ്. |
| (ബി) | ജലാശയങ്ങളെ സംബന്ധിച്ച വിവരശേഖരണം 1974-നു ശേഷം പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | 1974- ൽ പ്രസിദ്ധീകരിച്ച 'വാട്ടർ റിസോഴ്സസ് ഓഫ് കേരള (Water Resources of Kerala)' എന്ന റിപ്പോർട്ടിനു ശേഷം കേരളത്തിലെ ജലസമ്പത്തിനെ സംബന്ധിച്ച് സമഗ്ര റിപ്പോർട്ടുകൾ ഒന്നും ജലവിഭവ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല. |
| (സി) | ജലാശയങ്ങളെ സംബന്ധിച്ച സമഗ്രമായ വിവരശേഖരണത്തിന് വിവിധ വകുപ്പുകളുമായി ചേർന്ന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) യും (ഡി) യും | കേരളത്തിലെ പൊതു ജലാശയങ്ങളായ (സ്വകാര്യ ഉടമസ്ഥതയിലുള്ളതുൾപ്പെടെ) കുളങ്ങൾ, തടാകങ്ങൾ, തോടുകൾ, നീർച്ചാലുകൾ, നീരുറവകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളുടെ നിലവിലെ സ്ഥിതി മനസ്സിലാക്കി രേഖപ്പെടുത്തുന്നതിനുള്ള പ്രവർത്തനം ഹരിത കേരളം മിഷന്റെ |
| (ഡി) | ഇല്ലെങ്കിൽ നദീജല സംരക്ഷണം ഏത് രീതിയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | | |

ഉപമിഷനായ ജലസമൃദ്ധി/ജല സംരക്ഷണത്തിന്റെ ഭാഗമായി നടന്നു വരുന്നു. ഇതിനുള്ള പ്രവർത്തനങ്ങൾ ഹരിത കേരളം മിഷന്റെ ഉപദൗത്യമായ " ജലസമൃദ്ധി" യുടെ ഭാഗമായി നിർവഹിച്ചുവരുന്നു. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുതലത്തിൽ രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതികളാണ് ഇതിന് നേതൃത്വം നൽകുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ ഏകോപനത്തോടെയും ജനപങ്കാളിത്തത്തോടെയും സാങ്കേതിക സമിതികൾ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**